

അന്താരാഷ്ട്ര വനിതാ ദിനത്തിൽ റൂറൽ ജില്ലയിലെ പോലിസ് സ്റ്റേഷനുകൾ നിയന്ത്രിച്ചത് വനിതാ പോലിസ് ഉദ്യോഗസ്ഥർ. ആലുവ ഈസ്റ്റ് പോലിസ് സ്റ്റേഷനിൽ പി.എസ്.വിൻസി, എടത്തലയിൽ എം.എം ഖദീജ, നെടുമ്പാശേരിയിൽ വന്ദനാ കൃഷ്ണ, രാമമംഗലത്ത് സി.ആർ.രഞ്ജു മോൾ, പിറവത്ത് ഷീല, കൂത്താട്ടുകുളത്ത് ശാന്തി .കെ.ബാബു, പുത്തൻവേലിക്കരയിൽ പി.എം നിത, വാഴക്കുളത്ത് എം.എം ലൈല, മൂവാറ്റുപുഴയിൽ ടി.പി.സീന എന്നിവർക്കായിരുന്നു സ്റ്റേഷൻ ചുമതല. മുഴുവൻ സ്റ്റേഷനുകളുടെയും ജി.ഡി ചാർജ് വനിതാ ഉദ്യോഗസ്ഥർ നിർവ്വഹിച്ചു. പി. ആർ. ഒ മാരും വനിതാ ഉദ്യോഗസ്ഥ രായിരുന്നു. ഇവരാണ് എസ്. എച്ച്.ഒ മാരുടെ മേൽനോട്ടത്തിൽ പൊതുജനങ്ങളുമായി ഇടപെഴുകയും, പരാതികളിൽ അന്വേഷണം നടത്തുകയും ചെയ്തത്. ഹൈവേ പട്രോൾ വാഹനങ്ങളുടെ സാരഥ്യവും വനിതാ ഉദ്യോഗസ്ഥർ ഏറ്റെടുത്തു. വനിതാ ദിനത്തിൽ മികച്ച പ്രവർത്തനം കാഴ്ച വച്ച ഉദ്യോഗസ്ഥരെ ജില്ലാ പോലിസ് മേധാവി കെ. കാർത്തിക് അഭിനന്ദിച്ചു.